ഇ.എസ്.ഐ.സ്കീമിലെ പരിഷ്ക്കാരങ്ങൾ

50 (1242) ശ്രീ. ജി. വി. ചന്ദ്രമോഹൻ :
ശ്രീ. കെ. ബാബു :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. വി. ബാലറാം :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു സ്ഥാപനത്തെ ഇ.എസ്.ഐ. യുടെ കീഴിൽ കൊണ്ടുവരുന്നതിന് ചുരുങ്ങിയത് എത്ര തൊഴിലാളികൾ ആ സ്ഥാപനത്തിലുണ്ടായിരിക്കണമെന്ന് വിശദീകരിക്കാമോ ;

(ബി) ഇ.ഐസ്.ഐ. ആനുകൂല്യം കിട്ടുന്നതിന് സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ സംഖ്യ കുറയ്ക്കണമെന്ന് കേരളത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ തൻമൂലമുണ്ടായ ഫലമെന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പത്തോ അതിലധികമോ പേർ പണിയെടുക്കുന്നതും വൈദ്യുതിയുടെ സഹായത്തോടെ ഉല്പാദനപ്രക്രിയ നടത്തുന്നതുമായ സ്ഥാപനങ്ങളെയും, ഇരുപതോ അതിലധികമോ തൊഴിലാളികൾ പണിയെടുക്കുന്ന ഇതര സ്ഥാപനങ്ങളേയും ഇ.എസ്.ഐ.പദ്ധതിയുടെ കീഴിൽ കൊണ്ടുവരാവുന്നതാണ്.

(ബി&സി) ഉണ്ട്. പത്തോ അതിലധികമോ തൊഴിലാളികൾ പണിയെടുക്കുന്നതും വൈദ്യുതിയുടെ സഹായത്തോടെയോ അല്ലാതെയോ പ്രവർത്തിക്കുന്നതുമായ സ്ഥാപനങ്ങളെ ഇ.എസ്.ഐ. യുടെ പരിധിയിൽ ഉൾപ്പെടുത്തി നിബന്ധനകൾ ലഘൂകരിക്കണമെന്ന ആവശ്യം കേന്ദ്രസർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ഇ.എസ്.ഐ. ആനുകൂല്യങ്ങൾ നൽകിയ വകയിൽ സംസ്ഥാനത്തിന് ലഭിക്കാനുള്ള കുടിശ്ശിക

51 (1243) ശ്രീ. ഡി. സുഗതൻ :
ശ്രീ. കെ. ബാബു :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. എൻ. ശക്തൻ :
പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എസ്.ഐ. ആനുകൂല്യങ്ങൾ നൽകിയ വകയിൽ കേന്ദ്രത്തിൽ നിന്നോ ഇ.എസ്.ഐ. കോർപ്പറേഷനിൽ നിന്നോ സംസ്ഥാനത്തിന് എന്തെങ്കിലും കുടിശ്ശിക ലഭിക്കാനുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രയാണ് ; ഇതുവാങ്ങിയെടുക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇ.എസ്.ഐ. ആനുകൂല്യങ്ങൾ നൽകിയ വകയിൽ ഇ.എസ്.ഐ. കോർപ്പറേഷനിൽ നിന്നും സംസ്ഥാന സർക്കാരിന് കുടിശ്ശിക ലഭിക്കാനുണ്ട്.

(ബി) 3,09,66,812 രൂപ. (മൂന്നു കോടി ഒൻപതു ലക്ഷത്തി അറുപത്തി ആറായിരത്തി എണ്ണൂറ്റി പന്ത്രണ്ടു രൂപ മാത്രം)

ഓഡിറ്റ് സർട്ടിഫിക്കറ്റ്, വരവു ചെലവ്, കോർപ്പറേഷനിൽ നിന്നും ലഭിച്ച ഷെയർ, ഇവയെ അടിസ്ഥാനമാക്കി കത്തിടപാടുകൾ നടന്നുകൊണ്ടിരിക്കുകയാണ്.

മരുന്നു വാങ്ങിയ ഇനത്തിൽ തൊഴിലാളികൾക്കു നൽകാനുള്ള കുടിശ്ശിക

52 (1244) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എസ്.ഐ.ഡിസ്പെൻസറികൾ വഴിയും ആശുപത്രികൾ വഴിയും ഉള്ള നിർദ്ദേശപ്രകാരം തൊഴിലാളികൾ പുറത്തുനിന്നും മരുന്നു വാങ്ങിയ ഇനത്തിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷയനുസരിച്ച് 2003 മാർച്ചുവരെ എത്ര രൂപ തൊഴിലാളികൾക്ക് നൽകാനുണ്ടെന്നു വ്യക്തമാക്കുമോ ;

(ബി) ആശുപത്രികളും ഡിസ്പെൻസറികളും തിരിച്ചുള്ള പ്രസ്തുത കണക്ക് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2003 മാർച്ച് വരെ 6,96,84,400 രൂപ നൽകാനുണ്ട്.

(ബി) ഇ.എസ്.ഐ. ഗുണഭോക്താക്കൾ ഇ.എസ്.ഐ. ആശുപത്രിയിൽ ചികിത്സ തേടിയാലും മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് നൽകുന്നത് ഇ.എസ്.ഐ. ഗുണഭോക്താവ് പേര് രജിസ്റ്റർ ചെയ്തിരിക്കുന്ന ഡിസ്പെൻസറി വഴിയാണ്. ആയതിനാൽ ആശുപത്രികൾ തിരിച്ച് ഉള്ള കണക്കുകൾ ലഭ്യമല്ല.

ഇ.എസ്.ഐ. പദ്ധതിപ്രകാരം സംസ്ഥാനത്ത് ആയുർവ്വേദ-ഹോമിയോ ആശുപത്രികൾ

53 (1245) ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എസ്.ഐ. പദ്ധതി പ്രകാരം സംസ്ഥാനത് ആയുർവ്വേദ-ഹോമിയോ ആശുപത്രികൾ സ്ഥാപിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇത്തരം ആശുപത്രികൾ സ്ഥാപിക്കുവാൻ നടപടിയെടുക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly